# പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 5195

23-05-2017 ൽ മറുപടിയ്ക്ക്

## പാട്ട കൃഷിചെയ്യുന്നവർക്ക് സബ്സിഡി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

**ചോദ്യം**
ശ്രീ.സി.മമ്മൂട്ടി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | കൃഷിഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന കർഷകർക്ക് ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറിലൂടെ വളങ്ങൾക്കുള്ള സബ്സിഡി ലഭിക്കുന്നുണ്ടോ, ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | കൃഷിഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന പാട്ടകൃഷിക്കാർ ഉൾപ്പടെ എല്ലാ കർഷകർക്കും ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ അക്കൗണ്ട് മുഖേനയാണ് വളങ്ങൾക്കുള്ള സബ്സിഡി നൽകുന്നത്. |
| (ബി) | പാട്ട കൃഷിചെയ്യുന്നവർക്കും സബ്സിഡി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ? | (ബി) | പാട്ടവ്യവസ്ഥ സംസ്ഥാനത്ത് നിലവിലില്ല എങ്കിലും സ്ഥലം ഉടമകൾ കൃഷി ചെയ്യുന്നതിനായി കൃഷി സ്ഥലം ഹ്രസ്വകാലത്തേയ്ക്ക് പരസ്പര ധാരണകളും വ്യവസ്ഥകളും അനുസരിച്ച് നൽകി വരുന്നുണ്ട്. ഇത്തരം വ്യവസ്ഥ പ്രകാരം കൃഷി ചെയ്യുന്ന കർഷകർക്ക് മതിയായ രേഖകൾ ഹാജരാക്കുന്ന പക്ഷം പദ്ധതി നിബന്ധനകൾക്ക് വിധേയമായി കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യവും സബ്സിഡി നിരക്കിൽ ഉല്പാദനോപാധികളും പോർട്ടബിൾ പമ്പ് സെറ്റ്, സ്പ്രേയർ, തെങ്ങ്കയറ്റയന്ത്രം തുടങ്ങിയ ഉപകരണങ്ങൾക്കുള്ള ആനുകൂല്യവും പ്രകൃതി ക്ഷോഭം മൂലമുണ്ടാകുന്ന വിളനാശത്തിനുള്ള നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ് പരിരക്ഷ എന്നിവയും നൽകിവരുന്നു. എന്നാൽ സ്ഥിരമായി സ്ഥാപിക്കേണ്ട പമ്പ് ഹൗസ് ഉൾപ്പടെയുള്ള മോട്ടോർ, കാർഷികാവശ്യത്തിനുള്ള സൗജന്യ വൈദ്യുതി തുടങ്ങിയ ആനുകൂല്യങ്ങൾക്ക് പാട്ടകൃഷിക്കാർ അർഹരല്ല. സാമ്പത്തിക ആനുകൂല്യങ്ങൾ നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ